പത്രലേഖകനു് അക്രഡിറ്റേഷൻ അനുവദിക്കുന്നതുവഴി ഗവൺമെന്റിനുണ്ടാകുന്ന അധിക ചെലവു്

33 [2050] ശ്രീ. കെ. കെ. തോമസു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പത്രലേഖകനു് അക്രഡിറ്റേഷൻ അനുവദിക്കുകവഴി ഗവൺമെന്റിനു് പ്രതിവർഷം എന്തധികചെലവു വരുമെന്നു് അറിയിക്കുമോ;

(ബി) ഇപ്പോഴെത്ര പത്രങ്ങളുടെ എത്ര ലേഖകൻമാർക്കു് ഈ സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്നതിന്റെ വിശദമായ പട്ടിക പ്രസിദ്ധീകരിക്കുമോ;

(സി) ഒരു പത്രപ്രതിനിധി സർക്കാർ പ്രസ്സു് റൂം സന്ദർശിക്കുന്നതുകൊണ്ടു് ഗവൺമെന്റിനുണ്ടാകുന്ന അധിക ചെലവു് എത്രയാണു്;

(ഡി) ഗവൺമെന്റിനുള്ള അധിക ബാദ്ധ്യത മുൻകൂറായി അടയ്ക്കാൻ തയ്യാറുള്ള പത്രലേഖകർക്കെല്ലാം പ്രസ്സു് റൂമിൽ പ്രവേശനം അനുവദിക്കാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) ഇതിന്റെ കൃത്യമായ കണക്കു് കൂട്ടുക പ്രയാസമാണു്. കെ.എസ്.ആർ.ടി.സി. ബസ്സിലെ സൗജന്യയാത്ര (ഒരു ലേഖകനു് പ്രതിമാസം 20.17 കി. എന്ന തോതിൽ) പ്രസ്സ്റൂമിലെ ടെലഫോൺ ടൈപ്പ്റൈറ്റർ മുതലായ ഒട്ടനവധി സൗകര്യങ്ങളും, സൗജന്യമായി ഗവ. ഗസറ്റു്, ഡയറി, കലണ്ടർ തുടങ്ങിയ സൗകര്യങ്ങളും ഒരു അക്രഡിറ്റഡു് ലേഖകനു് നൽകാറുണ്ടു്. ഈ സൗകര്യങ്ങളുടെ സാമ്പത്തിക ചെലവിന്റെ കണക്കു് കൂട്ടുന്നതു് പ്രായോഗികമായി ബുദ്ധിമുട്ടുള്ളതാണു്.

(ബി) പട്ടിക ഇതോടൊത്തു ചേർത്തിട്ടുണ്ടു്.†

(സി) മുകളിൽ 'എ' യിൽ പറഞ്ഞ കാരണത്താൽ ഇതിന്റെ ചെലവു് കൂട്ടിയെടുക്കുവാൻ നിർവാഹമില്ല.

(ഡി) പ്രസ്സു് അക്രഡിറ്റേഷനോ പ്രസ്സു് ഫസിലിറ്റിയോ ഉള്ളവർക്കു് മാത്രമേ പ്രസ്സു് റൂമിൽ പ്രവേശനം അനുവദിക്കാറുള്ളു. പ്രവേശനം സൗജന്യമാണു്. ചെലവു് പത്രക്കാരിൽനിന്നും ഈടാക്കാറില്ല. ഈ നിലയിൽ മാറ്റം വരുത്താൻ ഇപ്പോഴും നിർവാഹമില്ല.

പത്രലേഖകർക്കു് സർക്കാർ ബസുകളിൽ സൗജന്യ യാത്രാ സൗകര്യം

34 [2051] ശ്രീ. കെ. കെ. തോമസു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രലേഖകർക്കു് സർക്കാർ ബസുകളിൽ യാത്രാ സൗജന്യം നൽകുന്നതുകൊണ്ടു് ഗവൺമെന്റു് ട്രാൻസ്പോർട്ടു് കോർപ്പറേഷനു് പ്രതിവർഷം നൽകേണ്ടിവരുന്ന നഷ്ടപരിഹാരസംഖ്യ എത്രയാണു്;

(ബി) മേൽപ്പറഞ്ഞ ചെലവിനത്തിൽ കഴിഞ്ഞ നാലുവർഷത്തെ സംഖ്യ എത്രയായിരുന്നു എന്നറിയിക്കുമോ?

† മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly